

# കുടുംബശ്രീയുടെ എറൈസ് (ARISE) മൾട്ടി ടാസ്ക് ടീമുകൾ



എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

2018 ഓഗസ്റ്റിലെ പ്രളയത്തിൽ അനേകം ആളുകളുടെ ജീവനോപാധികൾ നഷ്ടപ്പെട്ടിരുന്നു. ചിലർക്ക് മാസങ്ങളോളം ജോലി കിട്ടാതിരുന്നു. മറ്റു ചിലരുടെ ഉപജീവന മാർഗ്ഗമായ പശു/ആട്/കൃഷി/ചെറുകിട കച്ചവടങ്ങൾ എന്നിവ നഷ്ടപ്പെടുകയോ നഷ്ടത്തിലാവുകയോ ചെയ്തു. പ്രളയത്തിന് ശേഷം ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് പുതിയ ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തി നൽകാനുള്ള ചുമതല കുടുംബശ്രീയെ ഗവൺമെന്റ് ഏൽപ്പിച്ചപ്പോൾ ഞങ്ങൾക്ക് അതൊരു വലിയ വെല്ലുവിളിയായിരുന്നു. കൃഷി, മൃഗസംരക്ഷണം, സൂക്ഷ്മ സംരംഭങ്ങൾ, തൊഴിൽ പരിശീലനം തുടങ്ങി വ്യത്യസ്ത തരത്തിലുള്ള പദ്ധതികൾ കോർത്തിണക്കിയ ഉപജീവന പദ്ധതിയാണ് ഞങ്ങൾ ആസൂത്രണം ചെയ്തത്.





ഈ പശ്ചാത്തലത്തിൽ, സൂക്ഷ്മ സംരംഭമേഖലയിൽ എന്താണ് ആവശ്യമെന്നും ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയുമെന്നും ചിന്തിച്ചു. കേരളത്തിൽ ഒരു സർവ്വേ നടത്തി ഏതു സംരംഭത്തിനാണ് കൂടുതൽ സാധ്യതയെന്ന് കണ്ടെത്തി. 10,000ത്തിലധികം പേരെ സർവ്വേ നടത്തിയപ്പോൾ കേരളത്തിന് ആവശ്യമായ പത്തോളം തൊഴിൽമേഖലകൾ കണ്ടെത്താൻ ഞങ്ങൾക്ക് കഴിഞ്ഞു. പ്ലംബിങ്, ഇലക്ട്രിക്കൽ വർക്ക്, ഇലക്ട്രോണിക്സ് റിപ്പയർ, ഡേ കെയർ, ഹൗസ് കീപ്പിങ്. തുടങ്ങിയ മേഖലകളിലാണ് സേവനം നൽകാനുള്ളവരുടെ കുറവെന്ന് സർവ്വേയിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം മേഖലകളിൽ പരിശീലനം നൽകി, സംരംഭം തുടങ്ങാനുള്ള പുതിയ പദ്ധതി ഞങ്ങൾ ആരംഭിച്ചു. അതാണ് എറൈസ് (ARISE- Acquiring Resilience and Identity through Sustainable Employment).

ARISE പദ്ധതിയുടെ ഭാഗമായി ഇലക്ട്രിക്കൽ വർക്ക്, ഇലക്ട്രോണിക്സ് റിപ്പയർ, പ്ലംബിങ് എന്നീ മൂന്ന് മേഖലകളിൽ 3200ഓളം പേർക്ക് ഇതുവരെ പരിശീലനം നൽകി. 60 ഓളം പഞ്ചായത്തുകളിലായി 90 മൾട്ടി ടാസ്ക് ടീമുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. പരിശീലനം നേടിയവരുടെ ഒരു സംഗമം 2019 ജൂലൈ മാസം നടത്തിയപ്പോൾ 300ഓളം പേർ ഇപ്രകാരം സംരംഭം രൂപീകരിക്കാൻ മുന്നോട്ട് വന്നു.

ഏതാനും ദിവസങ്ങൾക്ക് മുമ്പ് വയനാട്, ഇടുക്കി, മലപ്പുറം, കണ്ണൂർ തുടങ്ങിയ വിവിധ ജില്ലകളിൽ കാലവർഷക്കെടുതി മൂലം നാശനഷ്ടങ്ങളുണ്ടായതിന്റെ പശ്ചാത്തലത്തിൽ ഇന്ന് മുതൽ എറൈസ് ടീമുകൾ മുഖേന വീടുകളുടെ ഇലക്ട്രിക്കൽ, പ്ലംബിങ് ജോലികൾ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എറൈസ് ടീമുകളെ ഉപയോഗിച്ച് ഈ ജോലികൾ ചെയ്യാനുള്ള സർക്കാർ ഉത്തരവും ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രളയത്തിന് ശേഷം നടത്തിയ ഈ ഒരു പുതിയ നീക്കം ഈ കാലവർഷക്കെടുതിക്കാലത്ത് ഉപകാരപ്രദമാകുമെന്ന് കരുതുന്നു.

ഈ വർഷം അവസാനത്തോടെ കേരളത്തിലെ ഒരു പ്രധാന സേവനദാതാവായി കുടുംബശ്രീ ARISE ടീം മാറുമെന്ന് പ്രതീക്ഷിക്കുന്നു. ARISE പദ്ധതിയെപ്പറ്റിയുള്ള വിവരങ്ങൾക്ക് www.kudumbashree.org/arise